വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) സർക്കാർ ഉത്തരവ് നമ്പർ 1412/2012/വ്യവ. തീയതി 24-9-2012 പ്രകാരം എമർജിംഗ് കേരളയിൽ സ്വീകരിക്കേണ്ട തുടർനടപടികളും ജി.ഒ.(ആർ.ടി.) നമ്പർ1347/2012/വ്യവ. തീയതി 10-9-2012 പ്രകാരം സ്വീകരിക്കേണ്ട പൊതുസമീപനങ്ങൾ സംബന്ധിച്ചും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. ഇതിൻപ്രകാരം ഒരുകാരണവശാലും സർക്കാർ ഭൂമി പ്രോജക്ടുകൾക്കായി വിൽക്കുകയില്ല. എന്നാൽ പ്രോജക്ടിന്റെ സാമ്പത്തികവും സാമൂഹികവുമായി പ്രാധാന്യം കണക്കിലെടുത്ത് ഭൂമി പാട്ടത്തിന് നൽകുന്നതാണെന്നും പാട്ടക്കാലാവധി സാധാരണ നിലയിൽ 30 വർഷമായിരിക്കുമെന്നും ഉത്തരവായിരുന്നു. വ്യവസായ സംരംഭങ്ങൾക്കായി അനുവദിച്ച ഭൂമിയിൽ 6 മാസത്തിനുള്ളിൽ വ്യവസായം തുടങ്ങുന്നതിനുള്ള നടപടികൾ ഒന്നുംതന്നെ ബന്ധപ്പെട്ട നിക്ഷേപകർ സ്വീകരിക്കുന്നില്ലായെങ്കിൽ അത്തരം ഭൂമികൾ തിരിച്ചെടുക്കുകയും അങ്ങനെ തിരിച്ചെടുക്കപ്പെട്ട ഭൂമിയെ സംബന്ധിച്ച വിശദാംശങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുവാനും ഉത്തരവായിരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി-ഇ) എമർജിംഗ് കേരളയിൽ അവതരിപ്പിച്ച പദ്ധതികൾക്ക് പാട്ടത്തിനു മാത്രമേ ഭൂമി നൽകുകയുള്ളൂ എന്ന നിലപാടിന് മാറ്റം വരുത്തിയിട്ടില്ല.

എമർജിംഗ് കേരളയിൽ സമർപ്പിച്ച പദ്ധതികളിൽ ചിലതിന് കെ.എസ്. ഐ.ഡി.സി.യുടെയും കിൻഫ്രയുടെയും അധീനതയിലുള്ള ഭൂമി പാട്ടക്കരാർ വ്യവസ്ഥയിൽ നിക്ഷേപകർക്ക് നൽകുന്നത് സംബന്ധിച്ച് നിക്ഷേപകരും അധികൃതരുമായി ചർച്ചകൾ നടത്തിയിരുന്നു. എന്നാൽ ഭൂമി അനുയോജ്യമല്ലാത്തതിനാൽ ചില നിക്ഷേപകർ ഭൂമി ഏറ്റെടുത്തിട്ടില്ല. തുടർന്നും നിക്ഷേപകർ ഭൂമിക്കായി സമീപിച്ചാൽ അവരുടെ അപേക്ഷ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി പരിഗണിക്കുന്നതാണ്.

അട്ടപ്പാടി ആദിവാസി ഊരുകളിൽനിന്നും കുട്ടികളെ കടത്തുന്നതായ വാർത്തകൾ

24 (*624) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ മതസ്ഥാപനങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും അനാഥാലയങ്ങളിലേക്കും അട്ടപ്പാടിയിലെ ആദിവാസി ഊരുകളിൽ നിന്നും കുട്ടികളെ കടത്തുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരത്തിൽ കടത്തിക്കൊണ്ടുപോകുന്ന കുട്ടികളെ ഉപയോഗിച്ച് സ്ഥാപനങ്ങൾ വൻതോതിൽ ഫണ്ടുകൾ നേടിയെടുക്കുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(സി) ആദിവാസി ഊരുകളിൽ നിന്നും കുട്ടികളെ കൊണ്ടുപോകുന്നത് ഏതെങ്കിലും അധികാരികളുടെ അറിവോടും അനുമതിയോടും കൂടിയാണോയെന്ന് അന്വേഷിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) ആദിവാസി ഊരുകളിൽ കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യങ്ങളുടെയും മറ്റ് ജീവിത സാഹചര്യങ്ങളുടെയും അപര്യാപ്തത മുതലെടുത്താണ് ഇത്തരം സ്ഥാപനങ്ങൾ കുട്ടികളെ കടത്തിക്കൊണ്ടുപോകുന്നതെന്ന ആക്ഷേപത്തിന്റെയുള്ള നിലപാട് വ്യക്തമാക്കാമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികം,ന്യൂനപക്ഷവകുപ്പുകളും മൃഗശാലകളും വകുപ്പുമന്ത്രി കുമാരി. പി. കെ. ജയലക്ഷ്മി) :

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ആക്ഷേപം തികച്ചും സത്യവിരുദ്ധമാണ്. സംസ്ഥാനത്തെ പട്ടികവർഗ്ഗ ഊരുകളിൽനിന്നുംവരുന്ന കുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 108 പ്രീമെട്രിക് ഹോസ്റ്റലുകളും 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ, ഹോസ്റ്റൽ സൗകര്യങ്ങളോടുകൂടിയ 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തിച്ചുവരുന്നു. അട്ടപ്പാടിയിൽമാത്രം 16 പ്രീമെട്രിക് ഹോസ്റ്റലുകൾ വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്. അഡ്മിഷനുവേണ്ടിവരുന്നു മുഴുവൻ കുട്ടികളെയും പ്രവേശിപ്പിച്ചുവരുന്നു. ഈവർഷം ഇതിനോടകംതന്നെ 1365 കുട്ടികളെ പ്രവേശിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. കൂടാതെ, മുക്കാലിയിൽ എല്ലാ അടിസ്ഥാനസൗകര്യങ്ങളോടുംകൂടിയ ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവർത്തിച്ചുവരുന്നുണ്ട്. കുട്ടികൾക്ക് പഠിക്കുവാൻ എല്ലാ സൗകര്യങ്ങളും വകുപ്പ് നൽകുന്നുണ്ട്. 2014-15 സാമ്പത്തികവർഷം അട്ടപ്പാടിയിൽ ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകുകയും വകുപ്പുതലത്തിൽ ടി ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. പാലക്കാട്, കുറുക്കൂർ, പട്ടിമാളം എന്നിവിടങ്ങളിലായി 3 ആശ്രമം സ്കൂൾ തുടങ്ങുന്നതിനുള്ള പ്രൊപ്പോസലുകൾ കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. അട്ടപ്പാടിയിലെ ഊരുകളിൽനിന്നുമുള്ള കുട്ടികൾ പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ജില്ലയിലെ വിവിധ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠിച്ചുവരുന്നുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനച്ചെലവുകൾക്കായി 2014-15 സാമ്പത്തികവർഷം 36.01 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പ്രീമെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി 464 ലക്ഷംരൂപയും വകയിരുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പഠിക്കാൻ മറ്റ് സൗകര്യങ്ങൾ ലഭ്യമല്ലാത്ത കാരണത്താൽമാത്രം പട്ടികവർഗ്ഗ കുട്ടികളെ മറ്റ് സ്ഥാപനങ്ങളിലേക്ക് കടത്തിക്കൊണ്ടുപോകുന്നു എന്ന ആരോപണം ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly